# അക്കാദമിക
# മാസ്റ്റർ പ്ലാൻ
## 2025-26



## കോയ്യോട് സെൻട്രൽ എൽ പി സ്കൂൾ

# ആമുഖം

ഗ്രാമീണ നിഷ്കളങ്കതയുടെ നൈർമല്യം തുടിക്കുന്ന ഗ്രാമദീപം പോലെ ഒരു നൂറ്റാണ്ടിലധികമായി ഈ പ്രദേശത്തിന്റെ സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസ പരവുമായ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുന്ന കോയ്യോട് സെൻട്രൽ എൽ പി സ്കൂൾ ചെമ്പിലോട് പഞ്ചായത്തിലെ പതിനെട്ടാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്.112 വർഷത്തിലധികം പഴക്കമുണ്ടെങ്കിലും 1912 മുതലാണ് സ്കൂളിന്റെ ചരിത്രം രേഖകളിൽ കാണുന്നത്. 1993 വരെ ഓല മേഞ്ഞതും മൺതറയുള്ളതുമായ ഈ വിദ്യാലയം ഇന്നു കാണുന്ന രൂപത്തിലായത് മാനേജരുടെയും , പി.ടിഎയുടെയും നാട്ടുകാരുടെയും ശ്രമഫലമായാണ്. 1966 വരെ അഞ്ചാം തരം വരെയുള്ള ക്ലാസുകൾ ഇവിടെ പ്രവർത്തിച്ചിരുന്നു. 1967 ലെ ഗവ: ഓർഡർ പ്രകാരം അഞ്ചാം ക്ലാസ് എടുത്തു കളയുകയും 1 മുതൽ 4 വരെ ക്ലാസുകളിൽ അധ്യാപനം നടന്നു വരികയും ചെയ്യുന്നു. 1976 മുതൽ അറബിക് ഭാഷയും പഠിപ്പിക്കുന്നുണ്ട്.

രാവിലെ 10 മണി മുതൽ 4 മണി വരെയാണ് അധ്യയന സമയം.24 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. 2 അധ്യാപകരും 3 അധ്യാപികമാരും ഇവിടെ സേവനമനുഷ്ഠിക്കുന്നുണ്ട്. നമ്മുടെ വിദ്യാലയത്തിൽ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ട് ദീർഘകാല അടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ട പദ്ധതിയാണിത് സമഗ്ര ഗുണമേന്മ വിദ്യാ ഭ്യാസം കാര്യക്ഷമമാക്കുന്നതിൻറെ ഭാഗമായി പല പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരികയാണ് ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതാത് ക്ലാസിൽ വച്ച് തന്നെ നേടിയെന്ന് ഉറപ്പാക്കുക എന്നത് സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമാണ് ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനിലവാരം അറിഞ്ഞുകൊണ്ട് അതാത് അവസരങ്ങളിൽ ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കി പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് സമൂഹത്തിലെ പൊതുകാര്യങ്ങൾ ഓരോന്നിനെയും കുറിച്ച് കുട്ടി കൾ ആദ്യഘട്ടത്തിൽ അറിയേണ്ടതുണ്ട് . ഇത് ഒറ്റത്തവണ പരിപാടി എന്ന നിലയിൽ അല്ല കാണേണ്ടത് പാഠ്യപദ്ധതിയുടെ ഭാഗമായ പാഠപുസ്തകങ്ങളിൽ ഈ ആശയങ്ങൾക്കെല്ലാം ഇടമുണ്ട് അതാത് സമയങ്ങളിൽ അവ ആഴത്തിൽ കുട്ടികളെ പരിചയപ്പെടുത്തുന്നു

# പൊതു ലക്ഷ്യങ്ങൾ

1. ഓരോ പ്രായത്തിലും കുട്ടി നേടേണ്ട അക്കാദമിക ലക്ഷ്യങ്ങൾ അതാത് ക്ലാസിൽ നിന്നുതന്നെ നേടുമെന്ന് ഉറപ്പാക്കൽ
2. നാട്ടറിവുകളെയും പ്രാദേശിക സാധ്യതകളെയും ഉപയോഗപ്പെടുത്തി പഠനാന്തരീക്ഷം മാറ്റിയെടുക്കുക
3. പഠന പ്രവർത്തനങ്ങളെ കുട്ടികളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തുക
4. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഭരണഘടനാ മൂല്യങ്ങൾ പാരിസ്ഥിതിക അവബോധം ലിംഗാവബോധം വിമർശനാവബോധം എന്നിവ ആർജ്ജിക്കുക
5. തുല്യത അവസരസമത്വം ഗുണത എന്നിവ ഉറപ്പാക്കുക
6. കാലാനുസൃതമായി ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള പഠനാന്തരീക്ഷം ഉറപ്പാക്കുക
7. രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക
8. അധ്യാപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ ഉതകും വിധമുള്ള സാഹചര്യം ഉറപ്പാക്കുക
9. ഓരോ കുട്ടിയുടെയും അഭിരുചികൾ തിരിച്ചറിഞ്ഞുകൊണ്ട് വ്യത്യസ്തമായ പഠന അനുഭവങ്ങൾ നൽകിക്കൊണ്ട് പഠന പിന്തുണ ഉറപ്പുവരുത്തുക
10. കലാപഠനം പ്രവർത്തിപഠനം ആരോഗ്യ കായിക വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ
11. സാമൂഹിക വൈകാരിക മേഖലകളിൽ കുട്ടികളുടെ വികാസം ഉറപ്പുവരുത്തുക

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. ശാസ്ത പോഷണ പരിപാടികൾ
5. വായനാപരിപോഷണം
6. ലൈബ്രറി ശാക്തീകരണം
7. ഫീൽഡ് ട്രിപ്പ്
8. കലാകായിക പരിശീലനം
9. ഐടി പരിശീലനം
10. പിടിഎ സജീവമാക്കൽ
11. സ്കൂൾ പത്രം, മാസിക തയ്യാറാക്കൽ
12. ഒറിഗാമി ശില്പശാല
13. ദിനാചരണങ്ങൾ
14. ആരോഗ്യ ശുചിത്വ ശീലം വളർത്തൽ
15. രചന ശില്പശാല
16. ബാലസഭ
17. പൊതുവിജ്ഞാനം
18. പ്രവർത്തിപരിചയം
19. വ്യക്തിത്വ വികസനം

## പ്രതീക്ഷിത നേട്ടങ്ങൾ

1. മലയാളഭാഷയിൽ എഴുതുവാനും വായിക്കുവാനും സർഗാത്മക രചനകളിൽ ഏർപ്പെടാനും എല്ലാ കുട്ടികളെയും പ്രാപ്തമാക്കുക.
2. ഗണിതത്തിൽ ചതുഷ്ക്രിയകൾ പ്രശ്നാപഗ്രഥനം സംഖ്യാബോധം എന്നീ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക.
3. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കഴിയുക
4. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുക
5. കുട്ടികളിൽ മികച്ച നിരീക്ഷണ പാടവം വളർത്തിയെടുക്കുക
6. പഠന പ്രവർത്തനങ്ങൾക്കാവശ്യമായ ഒറിഗാമി രൂപങ്ങൾ ഉണ്ടാക്കാൻ പ്രാപ്തരാക്കുക
7. എല്ലാ കുട്ടികളുടെയും കയ്യക്ഷരം മികച്ചതാക്കുക
8. കുട്ടികളിൽ ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കുക
9. മുഴുവൻ കുട്ടികൾക്കും മികച്ച കായിക പരിശീലനം നൽകുക
10. എൽ എസ് എസ് ശാസ്ത്രോത്സവം കലോത്സവം എന്നിവയിൽ പങ്കാളിത്തം ഉറപ്പാക്കുകയും വിജയം നേടുകയും ചെയ്യുക
11. ശിശു സൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ കുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷം ഒരുക്കുക
12. നമ്മുടെ സംസ്കാര തനിമയെ കുറിച്ച് കുട്ടികളിൽ അവബോധം വളർത്തിയെടുക്കുക
13. കുട്ടികളിൽ മൂല്യബോധ പരിസ്ഥിതി സൗഹൃദ മനോഭാവവും വളർത്തുക

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ളഅനുബന്ധ സംവിധാനങ്ങൾ, നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ് ആർ ജി | എല്ലാ ആഴ്ചയിലും വിളിച്ചു ചേർക്കുന്നു |
| എസ് എസ് ജി | എല്ലാ ആഴ്ചയിലും വിളിച്ചു ചേർക്കുന്നു |
| പിടിഎ<br>എം പി ടി എ<br>ജനറൽബോഡി | ആവശ്യമുള്ള സന്ദർഭങ്ങളിൽ വിളിച്ചു ചേർക്കുന്നു |
| ക്ലാസ് പിടിഎ | മാസത്തിൽ ഒരുതവണ വിളിച്ചു ചേർക്കുന്നു |
| സ്കൂൾ വികസന സമിതി | |
| ലൈബ്രറി | മുഴുവൻ ക്ലാസുകളിലും പ്രത്യേകം ക്ലാസ് ലൈബ്രറികൾ ഉണ്ട് കൂടാതെ ലൈബ്രറി വെള്ളിയാഴ്ച പ്രവർത്തിക്കുന്നു |
| ക്ലബ്ബ് പ്രവർത്തനങ്ങൾ<br>ഹെൽത്ത് ക്ലബ്ബ്<br>വിദ്യാരംഗം കലാസാഹിത്യവേദി<br>ഇംഗ്ലീഷ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>ഗണിത ക്ലബ്ബ്<br>അറബിക് ക്ലബ്ബ് | ദിനാചരണങ്ങൾ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തുന്നു |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | പിന്തുണ/ചുമതല |
|---|---|---|---|---|
| ഭാഷാപരമായപിന്നോക്കാവസ്ഥ പരിപഹരിക്കൽ അടിസ്ഥാന ഭാഷാശേഷി വികസനം<br><br>അടിസ്ഥാന ഭാഷാശേഷി വികസനം | • പ്രീ-ടെസ്റ്റ്<br>• അക്ഷരംഉറപ്പിക്കൽ<br>• അടയാളംഉറപ്പിക്കൽ<br>• അക്ഷരക്കാർഡ്<br>• പദക്കാർഡ്<br>• പദനിർമ്മാണം<br>• മലയാളത്തിളക്കം<br>• പദകേളി,വാക്യകേളി | 1 - 4 | 2 മാസം<br><br>ഓഗസ്റ്റ് - സെപ്റ്റംബർ | ബി ആർ സി, പിടിഎ അധ്യാപകർ<br><br>" |
| വായനാ പരിപോഷണം വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ മികച്ച വായനക്കാരാക്കി മാറ്റുക,സവിശേഷ വൈഭവമുള്ളരെ വായനയുടെ സൂക്ഷ്മതലത്തിലേക്ക് നയിക്കുക | • ക്ലാസ് തല സ്ക്കൂൾലൈബ്രറി പ്രവർത്തനങ്ങൾ<br>• പത്രം ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായന<br>• വായനാക്കൂട്ടം രൂപീകരിച്ച് വായനാനുഭവം പങ്കുവയ്ക്കൽ<br>• വായനാകുറിപ്പ്, വായനാക്കാർഡ്<br>• വാർത്താവിതരണം<br>• ക്വിസ്<br>• വായിച്ച് മനസ്സിലായ കാര്യങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലാക്കി അവതരിപ്പിക്കുന്നു.<br>• അമ്മവായന<br>• ലൈബ്രറി അംഗത്വം<br>• വായനോത്സവം | 1-4<br><br>2-4<br>"<br>"<br>"<br>"<br>1-4 | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | SSG,PTA<br>പൂർവ്വ വിദ്യാർത്ഥികൾ, ജന പ്രതിനിധികൾ മറ്റ് അഭ്യുദയകാംക്ഷികൾ<br><br>BRC<br>ഗ്രന്ഥശാല |
| ലേഖനപരമായ പ്രശ്നങ്ങൾ പരിഹരിച്ച് കുട്ടിയെ മികച്ച എഴുത്തിലേക്ക് നയിക്കുക | • തെറ്റില്ലാതെ വാക്കുകളും വാക്യങ്ങളും, ലഘുവിതരണങ്ങളും എഴുതിന്നതിനുള്ള പ്രവർത്തനങ്ങൾ.<br>• വ്യത്യസ്തവ്യവഹാര രൂപങ്ങളുമായി ബന്ധപ്പെട്ട രചനകൾ<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ | 1-2<br><br>3-4<br><br>5 | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | ഭാഷാധ്യാപകർ |
| ആശയവിനിമയം സ്വതന്ത്ര പ്രതികരണം എന്നിവയ്ക്ക് കുട്ടികളെ പ്രാപ്തരാക്കൽ | • ക്ലാസ് തല പ്രവർത്തനങ്ങൾ<br>• സ്കൂൾ തല മത്സരങ്ങൾ<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ | | മാസം തോറും | ഭാഷാ ക്ലബ്ബുകൾ<br>P T A<br>S S G |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | പിന്തുണ/ചുമതല |
|---|---|---|---|---|
| ഇംഗ്ലീഷ് അക്ഷരങ്ങളുടെ സ്ട്രോക്ക് തിരിച്ചറിഞ്ഞു കൊ ് എഴുതുന്നതിനും മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും ശേഷി വികസിപ്പിക്കുക. | • അക്ഷര ക്കാർഡു കൾ, പദ ക്കാർഡു കളും , ഉപ യോഗിച്ചു കൊ ുള്ള പ്രവർത്ത നങ്ങൾ<br>• ഹലോ ഇംഗ്ലീഷ് പ്രവർത്തന ങ്ങൾ<br>• കോഴ്സിന് റൈറ്റിംങ്<br>• കമ്മ്യൂണി ക്കേറ്റീവ്<br>• ഇംഗ്ലീഷ് ബാലസഭ<br>• ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്<br>• ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തന ങ്ങൾ | 1,2,3<br>"<br>3,4,<br>"<br>"<br>"<br>" | വർഷം മുഴുവൻ | ഇംഗ്ലീഷ് അദ്ധ്യാപകർ |
| ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധി പ്പിക്കുക നൂതന സന്ദർഭങ്ങ ളിൽ പ്രയോഗിക്കുക | • Word – Web<br>• Sentence formation<br>• sweet words<br>• Formation of sentence pyramid using describing words. | 1–4 | വർഷം മുഴുവൻ<br><br>P T A | ഇംഗ്ലീഷ് അദ്ധ്യാപകർ ബി ആർ. സി |

# കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | പിന്തുണ/ചുമതല |
|---|---|---|---|---|
| കുട്ടികളുടെ നൈസർഗിക മായ കലാവാസനകളെ തിരിച്ചറിഞ്ഞ്പരിപോഷിപ്പി ക്കുക | • ശിൽപകാല സംഘടി പ്പിക്കൽ<br>• പഠന പ്രവർത്തനങ്ങ ളുമായി ബന്ധപ്പെടു ത്തിയുള്ള പ്രവർത്ത നങ്ങൾ | 1-4<br>1-4 | ജൂൺ - മാർച്ച് | പി.ടി.എ<br>അധ്യാപകർ |
| വിവിധ കലകളുടെ സാങ്കേ തികകാംശങ്ങൾ തിരിച്ചറി യുന്നതിനും ഉപയോഗപ്പെടു ത്തുന്നതിനും | • കലാകാരൻമാരുമായി അഭിമുഖം<br>• ICT സാധ്യത ഉപയോ ഗിച്ച് വിവിധ കലാരൂപ ങ്ങളും കലാകാ രൻമാരെയും പരിചയ പ്പെടൽ<br>• ശേഖരണ പ്രവർത്തനം<br>• നാടകാവതരണം<br>• കൊറിയോഗ്രാഫി<br>• ചിത്രപ്രദർശനം<br>• പാവനാടകം<br>• നാടൻ പാട്ട് ശിൽപ ശാല<br>• കാവ്യോത്സവം<br>• രചനോത്സവം<br>• പാട്ടരങ്ങ് | 3-4<br>1-4<br>"<br>"<br>"<br>3-4<br>1-4 | വർഷം മുഴുവൻ<br>വർഷം മുഴുവൻ | റിവേഴ്സ് പേഴ്സൺ<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |